"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- റവന്യൂ റിക്കവറി-മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ ഗണപതിയിൽ ഹൗസ്, ശ്രീ.ജി.കൃഷ്ണൻകുട്ടിയിൽ നിന്നും കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ബോട്ട് ഇൻ-ലാൻഡാക്കിയ തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിലെ തൊഴുവാനൂർ അംശം റീ.സ. 198/1,2 ൽ ഉൾപ്പെട്ട 4.85 ആർസ് ഭൂമി തിരികെ നൽകി- ബഹു. കേരള ഹൈക്കോടതിയുടെ WP (C) 21544/2013 നമ്പർ കേസിന്റെ 28.02.2024 വിധിന്യായം നടപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.657/2025/RD തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:-

1. ശ്രീ. ജി. കൃഷ്ണൻകുട്ടി സർക്കാർ മുമ്പാകെ സമർപ്പിച്ച 24.03.2007 ലെ അപേക്ഷ.
2. 04.06.2013 ലെ സ.ഉ(സാധാ)നം. 3201/13/RD.
3. ബഹു. കേരള ഹൈക്കോടതിയുടെ WP(C) 21544/2013 നമ്പർ കേസിലെ 28/02/2024-ലെ വിധിന്യായം.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 21.08.2024 ലെ എൽ.ആർ./2992/2024/എൽ.ആർ.(ബി5) നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ ഗണപതിയിൽ ഹൗസ്, ശ്രീ.ജി.കൃഷ്ണൻ കുട്ടി, കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടവാക്കേണ്ട ക്ഷേമനിധി കുടിശ്ശിക തുക അടവാക്കാത്തതിനെ തുടർന്ന് റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും, ടിയാന്റെ പേരിലുള്ള തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിലെ തൊഴുവാനൂർ അംശം റീ.സ. 198/1,2 ൽ ഉൾപ്പെട്ട 4.85 ആർസ് ഭൂമി, ബോട്ട് ഇൻ ലാൻഡ് ആക്കി 3.9.1989 ൽ സർക്കാർ ഏറ്റെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത ബോട്ട് ഇൻ ലാൻഡ് തിരികെ നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷകൻ പരാമർശം(1) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷ, ലേലസ്ഥിരീകരണം നടത്തിയത് 1989ലും അപേക്ഷകൻ ഭൂമി തിരികെ ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 2004 ലും ആയതിനാലും confirmation നടത്തി അഞ്ച് വർഷത്തിനകത്ത് അപേക്ഷ സമർപ്പിച്ചാൽ മാത്രമേ ഭൂമി തിരികെ നൽകുന്നതിന് വ്യവസ്ഥയുള്ളൂ എന്നതിനാൽ പ്രസ്തുത അപേക്ഷ നിരസിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പ്രസ്തുത ഉത്തരവിനെതിരെ അപേക്ഷകൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP (C) 21544/2013 നമ്പർ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസ് 28.02.2024 ന് പരിഗണിച്ച ബഹു.

ഹൈക്കോടതി, ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം കുടിശ്ശികകക്ഷി കുടിശ്ശിക തുക പലിശ സഹിതം അർത്ഥനാധികാരിക്ക് അടവാക്കുന്ന സാഹചര്യത്തിൽ 03.09.1989 ലെ സർക്കാരിന് അനുകൂലമായ വിൽപന റദ്ദാക്കണമെന്നും ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്തിട്ടുള്ള ഭൂമി കുടിശ്ശികക്കാരന് കൈമാറണമെന്നും, വില്ലേജ് രേഖകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തണമെന്നും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

3) പ്രസ്തുത വിഷയത്തിൽ കമ്മീഷണർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, പരാമർശം (3) പ്രകാരമുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികകക്ഷി ക്ഷേമനിധി കുടിശ്ശിക തുകയായ 1,03,258/- രൂപ അർത്ഥനാധികാരിയായ കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടവാക്കിയിട്ടുള്ളതാണെന്നും, കുടിശ്ശികതുക മുഴുവൻ അടവാക്കിയിട്ടുണ്ടെന്ന കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ടിയാൻ കാട്ടിപ്പരുത്തി വില്ലേജ് ഓഫീസിൽ ഹാജരാക്കിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതിയുടെ പരാമർശം (3) പ്രകാരമുള്ള വിധിന്യായത്തിൽ, ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം കുടിശ്ശിക തുക പലിശ സഹിതം അർത്ഥനാധികാരിക്ക് അടവാക്കുന്ന സാഹചര്യത്തിൽ 03.09.1989 ലെ സർക്കാരിന് അനുകൂലമായ വിൽപന റദ്ദാക്കണമെന്നും ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്തിട്ടുള്ള ഭൂമി കുടിശ്ശികക്കാരന് കൈമാറണമെന്നും, വില്ലേജ് രേഖകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തണമെന്നും ഉത്തരവായിട്ടുള്ള സാഹചര്യത്തിലും, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികകക്ഷി ക്ഷേമനിധി കുടിശ്ശിക തുകയായ 1,03,258/- രൂപ റിക്വിസിഷൻ അതോറിറ്റിയായ കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടവാക്കിയിട്ടുള്ളതായി പരാമർശം(4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി കുടിശ്ശിക തുക ഈടാക്കുന്നതിനായി ജി. കൃഷ്ണൻകുട്ടിയിൽ നിന്നും ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിലെ തൊഴവാന്നൂർ അംശം റീ.സ. 198/1,2 ൽ ഉൾപ്പെട്ട 4.85 ആർസ് ഭൂമി ടിയാന് തിരികെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (3) പ്രകാരമുള്ള വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

6) മലപ്പുറം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ബന്ധപ്പെട്ട രേഖകളുടെ ആധികാരിത പരിശോധിച്ച്, ഉറപ്പ് വരുത്തി ആവശ്യമായ തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലത എസ്

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ജി. കൃഷ്ണൻ കുട്ടി, ഗണപതിയിൽ വീട്, തൊഴുവാനൂർ പി. ഒ., വളാഞ്ചേരി വഴി, മലപ്പുറം -676 552.
2. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
3. അക്കൗണ്ടന്റ് ജനറൽ, കേരള, എറണാകുളം.
4. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
5. ജില്ലാ കളക്ടർ, മലപ്പുറം.
6. തഹസീൽദാർ, തിരൂർ, മലപ്പുറം.
7. നിയമ വകുപ്പ് (07.11.2024 ലെ OPN/G2/168/2024/നിയമം പ്രകാരം)
8. ധനകാര്യ വകുപ്പ് (29.01.2025-ലെ 2981544/EXP-D3/132/2024/ധന പ്രകാരം)
9. ഓഫീസ് കോപ്പി/കരുതൽ ഫയൽ.
10. വെബ് ആൻഡ് ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 18-03-2025 09:55:58

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. റവന്യൂ - ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

റവന്യൂ(എച്ച്) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

റവന്യൂ (എച്ച്) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.